# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പറളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD-17/1222/2021.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 07/10/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പറളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 3-1 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD-17/1222/2021. തീയ്യതി: 07/10/2021

## പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-06-2021 മുതൽ 04-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ.എൻ. | ഡെപ്യൂട്ടി ഡയറക്ടർ ( ഹയർ ഗ്രേഡ്) | 06-09-2021 | 15-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-09-2021 | 15-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ കെ.പി.മുഹമ്മദ് ഫാറൂക്ക്,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി വി.ടി ഉഷാകുമാരി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.എം. ശിവപ്രസാദ്,അസി.ഓഡിറ്റ് ഓഫീസർ,
ശ്രീമതി കെ.അനിത, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കെ.ആർ. ഗിരിജ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| ശ്രീ കെ.ടി സുരേഷ് കുമാർ | പ്രസിഡന്റ് | 11-11-2020 | 31-03-2021 |
| ശ്രീ.കെ.സതീഷ് കുമാർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.എൻ. ദിനേഷ് | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. ദിവ്യ ഗോപിനാഥ് | അസി. എഞ്ചിനീയർ | 01-04-2020 | 07-08-2020 |
| ശ്രീ മുഹ്സിൻ മുനവ്വർ. പി.കെ | അസി. എഞ്ചിനീയർ | 08-08-2020 | 16-08-2020 |
| ശ്രീ റഫീക്ക് TIM | അസി. എഞ്ചിനീയർ | 17-08-2020 | 31-03-2021 |
| ശ്രീമതി. വിനീത. കെ.വി | VEO | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രസീത, | VEO | 06-02-2020 | 31-03-2021 |
| ശ്രീ. സന്തോഷ് കുമാർ. പി.കെ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഉഷാദേവി. കെ.കെ | ICDS സൂപ്പർവൈസർ | 01-04-2020 | 05-11-2020 |
| ശ്രീമതി പ്രീത | ICDS സൂപ്പർവൈസർ | 06-11-2020 | 31-03-2021 |
| ഡോ. ഫാത്തിമ രഹന. എം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 07-02-2021 |
| ഡോ. മഞ്ജുഷ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 08-02-2021 | 31-03-2021 |
| ഡോ. നിഷ്മജോൺസ് | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | (ഹോമിയോ) | | |
| ഡോ. ശ്രീജിത്ത് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. ദിനേഷ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. മേഘ്ന | കൃഷി ഓഫീസർ | 01-04-2020 | 14-06-2020 |
| ശ്രീ സുഭാഷ് | കൃഷി ഓഫീസർ | 15-06-2020 | 31-03-2021 |
| ശ്രീമതി. രാധിക | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ മനോജ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

-

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: V.T. Ushakumari (Asst. Audit Officer, On 16-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 20-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Anitha K (Auditor, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-10-2021) | 1-2 |
| 3 | വാർഷികക്കണക്കിലെ അപാകങ്ങൾ<br>Written By: Anitha K (Auditor, On 28-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-10-2021) | 1-2-1 |
| 4 | വരവ്- ചെലവ് കണക്കുകൾ<br>Written By: K.P. Muhammed Farook (Asst. Audit Officer, On 17-09-2021)<br>Last Updated By: K.P. Muhammed Farook (Asst. Audit Officer, On 24-09-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: V.T. Ushakumari (Asst. Audit Officer, On 11-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: V.T. Ushakumari (Asst. Audit Officer, On 11-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-4-1 |
| 7 | ICDS<br>Written By: V.T. Ushakumari (Asst. Audit Officer, On 11-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-4-2 |
| 8 | ശുചിത്വം<br>Written By: V.T. Ushakumari (Asst. Audit Officer, On 11-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-4-3 |
| 9 | സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ<br>Written By: V.T. Ushakumari (Asst. Audit Officer, On 11-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-4-4 |
| 10 | ജലനിധി<br>Written By: V.T. Ushakumari (Asst. Audit Officer, On 17-09-2021)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 23-09-2021) | 1-4-5 |
| 11 | പദ്ധതി അവലോകനം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 14-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: V.T. Ushakumari (Asst. Audit Officer, On 25-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-6 |
| 13 | ക്ഷേമ പദ്ധതികൾ<br>Written By: V.T. Ushakumari (Asst. Audit Officer, On 11-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 20-09-2021) | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Anitha K (Auditor, On 13-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 20-09-2021) | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം<br>Written By: V.T. Ushakumari (Asst. Audit Officer, On 25-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 11-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-10 |
| 17 | ഷോപ്പിംഗ് കോംപ്ലക്സ് വാടക-മാവേലി സ്റ്റോറിന്റെ വാടക കുടിശ്ശിക വാർഷികക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല-തുടർ നടപടി ആവശ്യപ്പെടുന്നു<br>Written By: V.T. Ushakumari (Asst. Audit Officer, On 16-09-2021)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 23-09-2021) | 1-11 |

| | | |
|---|---|---|
| 18 | ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക ഈടാക്കുന്നതിന് നിയമ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: V.T. Ushakumari (Asst. Audit Officer, On 16-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-12 |
| 19 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല<br>Written By: Anitha K (Auditor, On 16-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-13 |
| 20 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ അവലോകനം<br>Written By: V.T. Ushakumari (Asst. Audit Officer, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-14 |
| 21 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ പരിഹരിക്കേണ്ടതാണ്<br>Written By: Anitha K (Auditor, On 16-09-2021)<br>Last Updated By: Anitha K (Auditor, On 24-09-2021) | 1-15 |
| 22 | ലൈസൻസ് ഫീസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയതായി കാണുന്നില്ല<br>Written By: Anitha K (Auditor, On 16-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-15.1 |
| 23 | റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Anitha K (Auditor, On 16-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-15-2 |
| 24 | വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷിനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കി കാണുന്നില്ല<br>Written By: Anitha K (Auditor, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-15-3 |
| 25 | മൂലധന നിക്ഷേപം കൂടുതലുള്ള സ്മാൾ ഉത്പദന മേഖലയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ ഈടാക്കുന്ന രീതി പരിശോധിക്കാവുന്നതാണ്<br>Written By: Anitha K (Auditor, On 16-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-16 |
| 26 | അസിസ്റ്റന്റ് സെക്രട്ടറിയുടെ പ്രൊജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ SCP ഫണ്ട് ലാപ്സ് ആയി<br>Written By: V.T. Ushakumari (Asst. Audit Officer, On 16-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-17 |
| 27 | ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: V.T. Ushakumari (Asst. Audit Officer, On 16-09-2021)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 25-09-2021) | 1-18 |
| 28 | ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Anitha K (Auditor, On 16-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-19 |
| 29 | പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഇൻസെന്റീവ് - ഉത്തരവിനു വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു<br>Written By: Anitha K (Auditor, On 16-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-20 |
| 30 | | 1-21 |

| | | |
|---|---|---|
| | ഫിഷറീസ് സബ് ഇൻസ്പെക്ടർ പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല<br>Written By: K.P. Muhammed Farook (Asst. Audit Officer, On 17-09-2021)<br>Last Updated By: Anitha K (Auditor, On 27-09-2021) | |
| 31 | പൊതുമരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: K.P. Muhammed Farook (Asst. Audit Officer, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-22 |
| 32 | വാട്ടർചാർജ് -കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്<br>Written By: V.T. Ushakumari (Asst. Audit Officer, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-23 |
| 33 | ഹരിത കർമ്മസേനകൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട്-സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: M.Sivaprasad (Asst. Audit Officer, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-24 |
| 34 | എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: M.Sivaprasad (Asst. Audit Officer, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-25 |
| 35 | കന്നുകുട്ടിപരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: M.Sivaprasad (Asst. Audit Officer, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-26 |
| 36 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: M.Sivaprasad (Asst. Audit Officer, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-27 |
| 37 | അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയില്ല<br>Written By: M.Sivaprasad (Asst. Audit Officer, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-28 |
| 38 | സുഭിക്ഷ കേരളം പദ്ധതി പ്രൊജക്ട് നിർവ്വഹണത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: M.Sivaprasad (Asst. Audit Officer, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-29 |
| 39 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി-രേഖകൾ ഹാജരാക്കിയില്ല<br>Written By: M.Sivaprasad (Asst. Audit Officer, On 17-09-2021)<br>Last Updated By: Anitha K (Auditor, On 27-09-2021) | 1-30 |
| 40 | അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയില്ല<br>Written By: M.Sivaprasad (Asst. Audit Officer, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-31 |
| 41 | ക്ഷീരസംഘങ്ങൾ വഴി പാലിന് സബ്സിഡി നൽകൽ -മുഴുവൻ കാലയളവിലെയും തുക നൽകിയിട്ടില്ല<br>Written By: M.Sivaprasad (Asst. Audit Officer, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഇൻസെന്റീവ് - ഉത്തരവിനു വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു<br>Written By: Anitha K (Auditor, On 24-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 3-1 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Ramadevi.V.K (Computer Assistant, On 07-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-10-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 14-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.P. Muhammed Farook (Asst. Audit Officer, On 14-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: K.P. Muhammed Farook (Asst. Audit Officer, On 14-09-2021)<br>Last Updated By: K.P. Muhammed Farook (Asst. Audit Officer, On 14-09-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: V.T. Ushakumari (Asst. Audit Officer, On 11-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: V.T. Ushakumari (Asst. Audit Officer, On 11-09-2021)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 23-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.P. Muhammed Farook (Asst. Audit Officer, On 14-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 11-09-2021)<br>Last Updated By: C.S.Santhosh (Audit Officer, On 23-09-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 14-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 11-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | വാർഷിക ധനകാര്യ പത്രികകൾ- സംക്ഷിപ്തം | |

# ഭാഗം -1

## 1-1 ബജറ്റ്

26-03-2020 -ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചു. 24-2-2021 ലെ തീരുമാനം നം. 1(1) പ്രകാരം പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രരംഭ ബാക്കി | 1,16,56,248 |
| പ്രതീക്ഷിത വരവ് | 24,13,31,000 |
| ആകെ | 25,29,87,248 |
| പ്രതീക്ഷിത ചെലവ് | 24,02,09,000 |
| പ്രതീക്ഷിത നീക്കിയിരിപ്പ് | 1,27,78,248 |

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്.

പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പറളി ഗ്രാമ പഞ്ചായത്തിന്റെ 2020-21സാമ്പത്തിക വർഷത്തേക്ക് തയ്യാറാക്കിയ ബജറ്റ് പരിശോധിച്ചു. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ട്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്.

2020-21 വർഷത്തെ ബജറ്റിൽ പ്രതീക്ഷിച്ച വരവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ ഗണ്യമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് | യഥാർത്ഥ വരവ് |
|---|---|---|
| പ്രരംഭ ബാക്കി | 1,16,56,248 | 1,95,73,556 |
| തൻവർഷം വരവ് | 24,13,31,000 | 10,31,73,329 |
| ആകെ വരവ് | 25,29,87,248 | 12,27,46,885 |
| ചെലവ് | 24,02,09,000 | 100888450 |
| നീക്കിയിരിപ്പ് | 1,27,78,248 | 2,18,58,435 |

ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധയും ദീർഘവീക്ഷണവും ഉണ്ടായെങ്കിൽ മാത്രമേ വരും വർഷങ്ങളിൽ വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ ബജറ്റ് രൂപീകരണത്തിൽ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്നു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31.07.2021 | 21.06.2021 | ബാധകമല്ല | ബാധകമല്ല |

1-2-1 വാർഷികക്കണക്കിലെ അപാകങ്ങൾ

(1)വെള്ളക്കരം, വാടക എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക കണക്കുകൾ സമഗ്രമല്ല. മാവേലി സ്റ്റോറിന്റെ വാടക കുടിശ്ശിക വിവരം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

(2) വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാനുലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

(3) ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ മുഴുവൻ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കാന് കഴിയുന്നില്ല.

(4)കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള പൊതു ജന സംഭാവന - പ്രത്യേക ബാങ്ക് അക്കൌണ്ട് ആരംഭിച്ചിട്ടില്ല

1-3 വരവ്- ചെലവ് കണക്കുകൾ

| | |
|---|---|
| മുന്നിരിപ്പ് | 19573556 |
| വരവ് | 103173329 |
| ആകെ | 122746885.00 |
| ചെലവ് | 100888450 |
| നീക്കിയിരിപ്പ് | 21858435 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18770625 | 18770625 | 17265718 | 1504907 (*) |
| വികസന ഫണ്ട്-എസ്.സി.പി | 0 | 17230641 | 17230641 | 14701017 | 2529624 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 194000 | 194000 | 0 | 194000 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 7287000 | 7287000 | 7118032 | 168968 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | 0 | 5258272 | 5258272 | 5251810 | 6462 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക് | 0 | 16402364 | 16402364 | 11924338 | 4478026 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 7310000 | 7310000 | 2012107 | 5297893 |

*വികസന ഫണ്ട്-ജനറൽ, എസ്.സി.പി വരവുകൾ സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ ഉൾപ്പെടെയുള്ളതാണ്. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക്), ചെലവ് 11924338/- (AFS & ACR പ്രകാരം). Grant Statement പ്രകാരം 10825276/- വ്യത്യാസം 1099062/- രൂപ.

### 1-4-1 തൊഴിലുറപ്പ് പദ്ധതി

| എം.ജി.എൻ. ആർ.ഇ. ജി.എസ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| EFMS മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ | 0 | 36090999 | 36090999 | 36090999 | 0 |
| ഭരണ ചെലവുകൾ | 0 | 1366891 | 1366891 | 1364049 | 2842 |
| ആകെ | 0 | 37457890 | 37457890 | 37455048 | 2842 |

### 1-4-2 ICDS

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 2229103 | 1999820 | 4228923 | 2200000 | 2028923 |

### 1-4-3 ശുചിത്വം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| സ്വച്ഛഭാരത് മിഷൻ ഫണ്ട് | 2000000 | 74034* | 2074034 | 1069328 | 1004706 |
| PBIG ഫണ്ട് | 54301 | 3047998 | 3102299 | 504973 | 2597326 |

* പലിശ വരവ്

### 1-4-4 സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ആശ്രയ ചലഞ്ച് ഫണ്ട് | 751184 | 0 | 751184 | 751184 | 0 |
| ലൈഫ് ഭവനപദ്ധതി- സംസ്ഥാന വിഹിതം | 200000 | 1800000 | 2000000 | 1800000 | 200000 |

### 1-4-5 ജലനിധി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 2948503 | 1362253 | 4310756 | 1353616 | 2957140 |

(തൻ വർഷ വരവ് പലിശ ഇനത്തിലുള്ള 87275 രൂപ ഉൾപ്പെടെയാണ്.)

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി അടങ്കൽ | നടപ്പാക്കി | പദ്ധതി ചെലവ് | ഭാഗികമായി | നടപ്പാക്കാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | | യത് (എണ്ണം) | | നടപ്പാക്കിയത് (എണ്ണം) | ത്തവ (എണ്ണം) | പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 241 | 106996999 | 201 | 77632025 | 0 | 40 | 83.4% |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 83.4% എണ്ണത്തിന് തൻവർഷം 77632025 തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 72.5% ചെലവഴിച്ചിട്ടുണ്ട്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 14581741 | 11607012 | 80 |
| വെറ്ററിനറി സർജൻ | 3 | 3 | 770000 | 457280 | 59 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 554494 | 516568 | 93 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 5 | 5 | 692018 | 691862 | 99.9 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 4 | 4 | 650000 | 650000 | 100 |
| വി.ഇ.ഒ | 25 | 14 | 20853300 | 7295770 | 35 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 07 | 7492300 | 6852970 | 91 |
| എച്ച്.എം | 3 | 3 | 1651998 | 1547455 | 94 |
| സെക്രട്ടറി | 30 | 24 | 8896890 | 7108129 | 80 |
| അസി. സെക്രട്ടറി | 11 | 08 | 4853888 | 4562677 | 94 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 132 | 118 | 40143503 | 34028435 | 84.7 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 5 | 5 | 2313867 | 2313867 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 0 | 3543000 | 0 | 0 |
| ആകെ | 241 | 201 | 106996999 | 77632025 | 72.5 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് | EFMS (തൊഴിലാളികളുടെ കൂലി + | 0 | 36090999 | 36090999 | 36090999 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | മെറ്റീരിയൽ കോസ്റ്റ് ) | | | | | |
| | ഭരണ ആവശ്യങ്ങൾക്കുള്ള വരവ് | 0 | 1366891 | 1366891 | 1364049 | 2842 |
| ആകെ | | 0 | 37457890 | 37457890 | 37455048 | 2842 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | - | - |
| 2 | കർഷക തൊഴിലാളി പെൻഷൻ | 91,61,900 | 633 |
| 3 | വിധവാ പെൻഷൻ | 2,10,53,800 | 1459 |
| 4 | വാർദ്ധക്യകാല പെൻഷൻ | 3,86,62,200 | 3042 |
| 5 | വികലാംഗ പെൻഷൻ | 70,44,800 | 492 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 18,59,400 | 138 |
| 7 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 5,40,000 | 18 |
| 8 | മിശ്ര വിവാഹി തരുടെ വിവാഹ ധനസഹായം | 50,000 | 01 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.09.2021ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11475 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴവൻ വിഷയങ്ങളുടേയും അടിസ്ഥാനത്തിൽ വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസൃതമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ച ചെയ്ത് പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസൃതമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വെയറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ്, ബജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ച് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപയ്ക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. അനൗൺസ്മെന്റ്, ക്യാമ്പ് കളക്ഷൻ, ഫീൽഡ് കളക്ഷൻ, കുടുംബശ്രീ മുഖേന നോട്ടീസ് നൽകൽ എന്നീ മാർഗ്ഗങ്ങൾ നികുതി പിരിച്ചെടുക്കുന്നതിൽ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനു ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എന്നാൽ വെള്ളക്കരം, വാടക എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക കണക്കുകൾ സമഗ്രമല്ല. മാവേലി സ്റ്റോറിന്റെ വാടക കുടിശ്ശിക വിവരം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ലൈസൻസ് ഈടാക്കുന്നതിനായി വ്യക്തമായ മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടില്ലെന്നും അപേക്ഷയിൽ എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്തുന്നില്ലെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് – കളക്ഷൻ- ബാലൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമയ്ക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേയ്മെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക്

രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റന്റൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ മുഴുവൻ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ആവശ്യമില്ലാത്തതും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും ധനനഷ്ടം ഒഴിവാക്കിയും കയ്യൊഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് മീറ്റിംഗിന് "സകർമ്മ" യിലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്ക മാറേണ്ടതുണ്ട്.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പദവി തുടർന്ന് നിലനിർത്തുന്നതിന് ആവശ്യമായ ജാഗ്രത ഉദ്യോഗസ്ഥരും ഭരണസമിതിയും ഉറപ്പുവരുത്തേണ്ടതാണ്.
ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്. തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ രൂപീകരിച്ചതിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല. എല്ലാ മാസവും 10-ം തിയ്യതിക്കുമുമ്പ് മുൻമാസത്തെ വരവ് ചെലവുകൾ അംഗീകരിക്കുമ്പോൾ യഥാർത്ഥ തനത് ഫണ്ട് നീക്കിയിരിപ്പ് വിലയിരുത്തി ചെലവ് നിയന്ത്രിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങളുടെ എണ്ണം |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.4.2021 | 2021 ഫെബ്രുവരി മുതൽ മാർച്ച് വരെ | 23.07.21 | 23 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.09.2001 മുതൽ 29.01.2001 വരെ | 1999-2000 വരെ | LBA/(HQ)I/IA/8A-226/554 Dt.04.01.2002 | 0 |

ഗുരുതരമായ ക്രമക്കേടുകളൊന്നും പ്രസ്തുത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-11 ഷോപ്പിംഗ് കോംപ്ലക്സ് വാടക-മാവേലി സ്റ്റോറിന്റെ വാടക കുടിശ്ശിക വാർഷികക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല- തുടർ നടപടി ആവശ്യപ്പെടുന്നു

വാടക കുടിശ്ശിക സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ, പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ മാവേലി സ്റ്റോർ പ്രവർത്തിച്ചിരുന്ന മുറികളുടെ വാടക ഇനത്തിൽ 11,50,000 ലധികം രൂപയും അതിന്മേലുള്ള പിഴപലിശയും കുടിശ്ശിക ഉള്ളതായി കാണുന്നു. എന്നാൽ ഇങ്ങനെ ഒരു ഇനത്തിൽ കുടിശ്ശികയുള്ളതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിലും പ്രസ്തുത വാടക കുടിശ്ശിക ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കാൻ ബാക്കിയുള്ള തുക

വാർഷികകണക്കിൽ ഉൾപ്പെടുത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം11/12.9.21) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാവേലി സ്റ്റോർ പ്രവർത്തിച്ചിരുന്ന മുറിയുടെ വാടക നിരക്ക് സംബന്ധിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി ധാരണയിലെത്താൻ കഴിയാതിരുന്നതിനാലാണ് ഭീമമായ തുക കുടിശ്ശിക ഉണ്ടായതും വാർഷിക കണക്കിൽ ഉൾപ്പെടുത്താൻ സാധിക്കാതിരുന്നതും എന്നാണ് മറുപടി സമർപ്പിച്ചിരിക്കുന്നത്. എഗ്രിമെന്റ് നിരക്കിലുള്ള വാടക അടിസ്ഥാനപ്പെടുത്തി കുടിശ്ശിക ഡിമാന്റ് വാർഷിക കണക്കിൽ ഉൾപ്പടുത്താതിരുന്നത് അക്കൗണ്ടിംഗിലെ വീഴ്ചയാണ്. മുൻവർഷ വാടക ഫയലുകൾ പരിശോധിച്ച് കുടിശ്ശിക കണക്കാക്കി പിരിച്ചെടുക്കുന്നതിനും 2021-22 ലെ വാർഷിക കണക്കിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക ഈടാക്കുന്നതിന് നിയമ നടപടി സ്വീകരിക്കേണ്ടതാണ്.

ഷോപ്പിംഗ് കോംപ്ലക്സ് വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം 6 വാടകക്കാരിൽ നിന്ന് 2019-20 വരെയുള്ള കുടിശ്ശിക 169580/- രൂപയും 2020-21 ലെ കുടിശ്ശിക 130405 - രൂപയും ഉൾപ്പെടെ 299985 രൂപ ഈടാക്കാൻ ബാക്കിയുണ്ട് . വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വാടകക്കാരൻ | റൂം നമ്പർ | കുടിശ്ശിക കാലയളവ് | രജിസ്റ്റർ പ്രകാരം കുടിശ്ശിക തുക |
|---|---|---|---|---|
| 1 | ശ്രീമതി.ദാക്ഷായണി | 02 | 31.3.20 വരെ | 809 |
| 2 | ശ്രീമതി.ദാക്ഷായണി | Plot2 | | 268 |
| 3 | ശ്രീമതി.കെ.പി.കമലം | 11 | | 207 |
| 4 | ശ്രീമതി.സതീരത്നം | 15 | | 140 |
| 5 | ശ്രീമതി.നൂർജഹാൻ | 11 New Building | | 1690 |
| 6 | ശ്രീമതി.താജുന്നീസ | ലഭ്യമല്ല | | 166466 |
| 7 | ശ്രീ.രാജേഷ്.പി.എസ് | 03 New Building | 2020-21 | 56000 |
| 8 | ശ്രീ.വീരാൻകുട്ടി | 04 | | 60000 |
| 9 | ശ്രീ.അബ്ദുൾ റഹിമാൻ | 10 | | 845 |
| 10 | ശ്രീ.ഷാജഹാൻ | 05 | | 13560 |
| | ആകെ | - | - | 299985 |

തുക ഈടാക്കുന്നതിന് റവന്യൂറിക്കവറി നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/13.9.21) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ

നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011-ലെ സ.ഉ (അ) നം.19/2011/ തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേ എന്ന ഉപയോഗക്രമം കൂടി കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിട്ടുണ്ട് (കുറഞ്ഞ നിരക്ക് 10 രൂപ- കൂടിയ നിരക്ക് 25 രൂപ).

റസിഡൻഷ്യൽ ഹോംസ്റ്റേകൾക്ക് പറളി ഗ്രാമപഞ്ചായത്തിനു ബാധകമായ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിന് കാരണമാവുന്നു.

വസ്തുനികുതി നിരക്ക് നിശ്ചയിക്കാത്തതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 23/14.09.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>നിർദ്ദേശം</u>

റസിഡൻഷ്യൽ ഹോംസ്റ്റേ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്ത് പ്രദേശത്ത് ബാധകമായ വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് ആയതിനനുസൃതമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

## <u>1-14 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ അവലോകനം</u>

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ അവലോകനം നടത്തുകയുണ്ടായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2020-21 വർഷത്തിൽ പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടില്ല. തനത് ഫണ്ടിൽ നിന്നും പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനകളിൽ നിന്നുമാണ് ഇതിനുള്ള തുക കണ്ടെത്തിയത് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/15.9.21) ലഭ്യമാക്കിയ മറുപടിയിൽ സെക്രട്ടറി സൂചിപ്പിച്ചിരിക്കുന്നത്. 1780820 രൂപയാണ് തൻവർഷം ഈ ഇനത്തിൽ ചെലവഴിച്ചത്. ഇതിൽ 156820 രൂപ പൊതുജനങ്ങളിൽ നിന്ന് സംഭാവന ലഭിച്ചതാണ്. പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല. സംഭാവന തുകകൾ സാംഖ്യയിൽ പ്രത്യേകം ഹെഡിൽ വരവിലെടുത്ത് തനത് ഫണ്ടിലാണ് നിക്ഷേപിക്കുന്നത്.

തൻ വർഷം കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ചിട്ടുണ്ട്. പ്രത്യേക പരിഗണന ലഭിക്കേണ്ടവരുടെ വീടുകളിൽ ഭക്ഷണവും മരുന്നും എത്തിക്കുന്നതിനായി ആർ.ആർ.ടി വൊളന്റിയർമാരുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ചെലവും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലുൾപ്പെടുത്തി തനത് ഫണ്ടിൽ നിന്നാണ് നിർവ്വഹിക്കുന്നത്. 2020-21 ൽ FLTC പ്രവർത്തിച്ചിരുന്നു. പൾസ് ഓക്സിമീറ്ററുകൾ വാങ്ങി നൽകിയതിന്റെ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. പൾസ് ഓക്സിമീറ്ററുകൾക്ക് നിലവിൽ ലഭ്യതക്കുറവില്ല. പഞ്ചായത്ത് കോമ്പൗണ്ടിൽ തന്നെ കോവിഡ് വാർ റൂം സജ്ജീകരിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കുന്നു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഓൺ ലൈനായി യോഗം ചേർന്ന് പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പാക്കുന്നുണ്ട്.

## <u>1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ പരിഹരിക്കേണ്ടതാണ്</u>

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ തുടർ പരാമർശങ്ങളായി ചേർത്തിട്ടുണ്ട്.

### 1-15.1 ലൈസൻസ് ഫീസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയതായി കാണുന്നില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ ജി.ഒ(പി)നം.80/2017 ത.സ്വ.ഭ.വ എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കെ.പി.ആർ (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി വരുത്തുകയും, ചട്ടത്തിലെ പട്ടിക 2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് ദിവസേനയുള്ള വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് 500 രൂപ, 1000 രൂപ, 5000 രൂപ, 10000 രൂപ, എന്നിങ്ങനെ നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷം ലൈസൻസ് അപേക്ഷകരിൽ കൂടുതലും 500 രൂപയിൽ താഴെ ലൈസൻസ് ഫീസ് അടവാക്കിയവരാണ്. ഇവരിൽ നിന്നും വ്യത്യസ്ത നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയതായി കാണുന്നില്ല. ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളിൽ നിന്നും ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരുന്നതെന്ന ഓഡിറ്റ് അന്വേഷണത്തിന് (നം. 19/14.09.21) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ 23-11-2019 ലെ തീരുമാനം നം. 25/25 പ്രകാരം സ്ലാബ് തിരിച്ച് നിജപ്പെടുത്തി ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും വർഷങ്ങളായി പ്രവർത്തിച്ചു വരുന്ന സ്ഥാപങ്ങളായതിനാൽ കൃത്യമായി മൂലധനം നിർണയിക്കാൻ കഴിയാത്തതിനാൽ ശരാശരി കണക്കിലാണ് മൂലധനം കണക്കാക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. മൂലധനം രേഖപ്പെടുത്താത്ത അപേക്ഷകൾ സ്വീകരിക്കുകയും ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തതിനാലും ലൈസൻസ് ഫീസ് ഇനത്തിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ട പ്രകാരമുള്ള ഓരോ മേഖലയേയും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഉപമേഖലകളായി വിഭജിച്ച് സ്ഥാപനങ്ങൾക്ക് ഉചിതമായ ഫീസ് നിശ്ചയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്.

### 1-15-2 റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്

1996ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 1 ൽ ക്രമ നം. 149 ആയി ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ക്രമ നം. 139 ആയി അബ്കാരി ഷാപ്പുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടില്ല. വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം19/14.09.2021) മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

### 1-15-3 വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷിനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കി കാണുന്നില്ല

1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 പ്രകാരം വൈദ്യുതി കൊണ്ട്

പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ ഉപയോഗിക്കുന്നതിനോ യഥാക്രമം പട്ടിക-lii പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പട്ടിക പ്രകാരമുള്ള ഫീസ് പ്രത്യേകമായി ഈടാക്കിയിട്ടില്ല. ഇവയുടെ അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിട്ടില്ല. ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളിൽ നിന്നും ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്ന് വ്യക്തമല്ല.

| ക്രമ നം. | ലൈസൻസ് എടുത്ത വ്യക്തിയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീ | ഉപയോഗിക്കുന്ന കുതിര ശക്തി | മോട്ടോർ ഫീ ഇനത്തിൽ ചുമത്താവുന്ന അധിക ഫീസ് |
|---|---|---|---|---|---|
| 1 | യു.എസ്.മുഹമ്മദ് ബാസിം | വിസ്കോടെക് | 3000 | 165 | 2000 |
| 2 | മാനേജിംഗ് പാട്നർ | കർണ്ണകി മെറ്റൽ ഇൻഡസ്ട്രീസ് | 2000 | 19.5 | 200 |
| 3 | പി.ബി.സുനിൽ കുമാർ | മലബാർ റെഡിമിക്സ് | 5000 | 191.01 | 2000 |
| 4 | ഷാഹുൽ ഹമീദ്.എ | ഹൈടെക് ട്യൂബ്സ് | 3000 | 98 | 1000 |
| 5 | എ.സുബൈദ | സജ്ന റൈസ് മിൽ | 500 | 10 | 100 |
| 6 | ബിന്ദു വി.പി | ഉണ്ണികണ്ണൻ ഫ്ലോർ മിൽ | 500 | 10 | 100 |
| 7 | വസന്ത എ | ഭരണി ഫാബ്രിക്കേഷൻ &ഓട്ടോമൊബൈൽ വെൽഡിംഗ് | 500 | 10 | 100 |
| 8 | പി.വി കണ്ണപ്പൻ | വിജയ റൈസ് മിൽ | 200 | 10 | 100 |
| 9 | വേലായുധൻ വി ജി | ശശികുമാർ റൈസ് മിൽ | 200 | 10 | 100 |
| 10 | വി വി ലക്ഷ്മിക്കുട്ടി | പ്രഭാമിൽസ് | 200 | 10 | 100 |
| 11 | സരസ്വതി കെ.ബി | കമല റൈസ് മിൽ | 200 | 10 | 100 |
| 12 | വിജയകുമാരി | ഭഗവതി റൈസ് മിൽ | 200 | 10 | 100 |
| 13 | വി.ടി മണികണ്ഠൻ | ഈശ്വര മിൽസ് | 200 | 10 | 100 |
| 14 | നാരായണൻ | കളത്തിൽ മിൽസ് | 200 | 10 | 100 |
| 15 | എം.കെ ദേവരാജൻ | ഉദയ റൈസ് മിൽ | 200 | 10 | 100 |
| 16 | എം.സി മാധവൻ | മാധവ റൈസ് മിൽ | 200 | 10 | 100 |
| 17 | ബിന്ദു | അശ്വനി റൈസ് മിൽ | 200 | 10 | 100 |
| 18 | അമ്മുക്കുട്ടി | കൃഷ്ണ റൈസ് മിൽ | 200 | 10 | 100 |
| 19 | വി.എം ഷാഹുൽ | ഹമീദ് റൈസ് | 200 | 10 | 100 |

| | | | | | |
|---|---|---|---|---|---|
| | ഹമീദ് | മിൽ | | | |
| 20 | ഖദീജ | അൻസാർ റൈസ് മിൽ | 200 | 10 | 100 |
| 21 | വി.സി വൽസല | ചിത്ര റൈസ് മിൽ | 200 | 10 | 100 |
| 22 | പി.എ ജഗദീശൻ | ശ്രീ പച്ചയപ്പ ഇൻഡസ്ട്രീസ് | 2000 | 97 | 1000 |
| 23 | പി.വി വെങ്കിടേശ്വര ഭട്ട് | ശ്രീകുമാർ സ്വാമിൽ | 1000 | 36 | 400 |

മേൽ അപാകതകളിന്മേൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 19/14.09.2021 ലഭ്യമായ മറുപടിയിൽ മോട്ടോർ ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>1-16 മൂലധന നിക്ഷേപം കൂടുതലുള്ള സ്മാൾ ഉത്പദന മേഖലയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ ഈടാക്കുന്ന രീതി പരിശോധിക്കാവുന്നതാണ്</u>

പറളി ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തിൽ ലൈസൻസ് നൽകപ്പെട്ട സ്ഥാപനങ്ങളിൽ താഴെ പറയുന്ന സ്ഥാപനത്തിൽ ലൈസൻസ് ഫീയിൽ നിന്നും തുക കുറവായി ഈടാക്കിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ലൈസൻസ് എടുത്ത വ്യക്തിയുടെ പേര് | സ്ഥാപനത്തിന്റെ പേര് | മൂലധനം | ഈടാക്കിയ ലൈസൻസ് ഫീ | ഈടാക്കാവുന്ന ലൈസൻസ് ഫീ |
|---|---|---|---|---|---|
| 1 | യു.എസ്.മുഹമ്മദ് ബാസിം | വിസ്റ്റോടെക് | 2 കോടി, 10 ലക്ഷം | 3000 | 5000 |

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ്(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം പ്രകാരം അസഹ്യവും ആപൽകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്ക മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നും ഓരോ വിഭാഗത്തിനേയും ഉത്പാദനം, സേവനം എന്നിങ്ങനെ വേർതിരിച്ചും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പരമാവധി ഫീസ് ഈടാക്കേണ്ടതാണ്

| വ്യവസായ സ്ഥാപനത്തിന്റെ തരം | മേഖല | | ഈടാക്കാവുന്ന തുക |
|---|---|---|---|
| | ഉത്പാദനം | സേവനം | |
| മൈക്രോ | 25 ലക്ഷത്തിൽ കൂടാത്തത് | 10 ലക്ഷത്തിൽ കൂടാത്തത് | 500 |
| മിനി | 25 ലക്ഷത്തിൽ കൂടുതലും 1 കോടിയിൽ കവിയാത്തതും | 10 ലക്ഷത്തിൽ കൂടുതലും 50 ലക്ഷത്തിൽ കവിയാത്തതും | 1000 |
| സ്മാൾ | 1 കോടിയിൽ കൂടുതലും 5 കോടിയിൽ കവിയാത്തതും | 50 ലക്ഷത്തിൽ കൂടുതലും 2 കോടിയിൽ കവിയാത്തതും | 5000 |
| മീഡിയം | 5 കോടിയിൽ കൂടുതലും 10 | 2 കോടിയിൽ കൂടുതലും 5 | 10000 |

| | കോടിയിൽ കവിയാത്ത തും | കോടിയിൽ കവിയാത്തതും | |
|---|---|---|---|

എന്നാൽ മേൽ ഉത്തരവ് പ്രകാരം വിസ്കോടെക് എന്ന സ്ഥാപനം 1 കോടിയിൽ കൂടുതലും 5 കോടിയിൽ കവിയാത്തതുമായ (സ്മാൾ) ഉത്പാദന മേഖലയിൽ ഉൾപ്പെടുന്നു. ആയതിനാൽ ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീ 5000/- രൂപയാണ്. എന്നാൽ 17.2.2020 തിയതിയിലെ 119100110240 രശീതി പ്രകാരം അടവാക്കിയ തുക 3000/- മാത്രമാണ്. വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 18/14.09.2021 -ന് ലഭ്യമാക്കിയ മറുപടി, ഗ്രാമപഞ്ചായത്തിന്റെ 23-11-2019 ലെ തീരുമാനം നം. 25/25 പ്രകാരം സ്ലാബ് തിരിച്ചാണ് ലൈസൻസ് ഫീ ഈടാക്കിവരുന്നത് എന്നറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ സ്ലാബ് തിരിച്ച ലൈസൻസ് ഫീ ഈടാക്കിവരുന്ന തീരുമാനം മൈക്രോ, മിനി മേഖലയിൽ ഉൾപ്പെടുന്ന മൂലധന നിക്ഷപം കുറഞ്ഞ ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ അവലംബിക്കാവുന്നതാണ്. എന്നാൽ നിലവിലെ പഞ്ചായത്തിന്റെ തനതു ഫണ്ടിന്റെ അവസ്ഥ കണക്കിലെടുത്ത് മൂലധന നിക്ഷേപം കൂടുതലുള്ള മേൽ പ്രസ്തുത സ്ഥാപനങ്ങളിൻ നിന്ന് കുറവ് ലൈസൻസ് ഫീ ഈടാക്കുന്ന രീതി പരിശോധിക്കാവുന്നതാണ്.

## 1-17 അസിസ്റ്റന്റ് സെക്രട്ടറിയുടെ പ്രൊജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ SCP ഫണ്ട് ലാപ്സ് ആയി

2020-21 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം നേടിയ താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല. ഇക്കാരണത്താൽ പട്ടിക ജാതി വിഭാഗം വികസന ഫണ്ട് 2,82,086 രൂപ ലാപ്സ് ആയി.

| ക്രമ നം. | പ്രൊജക്ട് | അടങ്കൽ |
|---|---|---|
| 1 | 101/21-ചെമ്മിണിപ്പറമ്പ് സാംസ്കാരിക നിലയത്തിന് ഫർണീച്ചർ വാങ്ങൽ | 1,00,000 |
| 2 | 106/21- SC വനിതകൾക്ക് സ്വയം തൊഴിലിനായി ഇരുചക്ര വാഹനം വാങ്ങുന്നതിന് ധനസഹായം | 1,50,000 |
| 3 | 294/21-SC വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം | 32,086 |
| ആകെ | | 2,82,086/- |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/13.9.21) അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം 01/21, 294/21 എന്നീ പദ്ധതികൾ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനെ തുടർന്ന് നടപടി ക്രമങ്ങൾ പൂർത്തിയാക്കാത്തതാണ് നടപ്പിലാക്കാതിരിക്കാൻ കാരണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 06/21-SC വനിതകൾക്ക് സ്വയം തൊഴിലിനായി ഇരുചക്ര വാഹനം വാങ്ങുന്നതിന് ധനസഹായം എന്ന പദ്ധതിയിൽ നിർവ്വഹണത്തിനായി ലഭിച്ച ഗുണഭോക്തൃ പട്ടികയിൽ ഇരുചക്രവാഹന ഡ്രൈവിംഗ് ലൈസൻസ് ഉള്ളവർ ആരും തന്നെ ഇല്ലാതിരുന്നതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നത് എന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലെയും ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെയും അപാകങ്ങളാണ് ഇതിൽ പ്രതിഫലിച്ചിരിക്കുന്നത്. ഇത്തരം അപാകം ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

2020-21 വർഷത്തിൽ പഞ്ചായത്തിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി പ്രവർത്തന രഹിതമായിരുന്നു എന്ന് കാണുന്നു.

മുന്നിരിപ്പ്- 108858/-

വരവ്/ ചെലവ്-ഇല്ല.

പലിശ വരവ് - 4354/-

നീക്കിയിരിപ്പ്- 113212/- രൂപ

ചട്ടപ്രകാരം പരിപാലിക്കേണ്ട ദുരിതാശ്വാസ നിധിയിൽ തൻവർഷം ഇടപാടുകൾ ഒന്നും നടന്നിട്ടില്ല. ആയതിന്റെ കാരണം വിശദമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/ 13.9.21) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ തൻവർഷം ഈ ഇനത്തിൽ വരവില്ലായിരുന്നു എന്നും അപേക്ഷകൾ ലഭിച്ചിട്ടില്ലെന്നും സൂചിപ്പിച്ചിട്ടുണ്ട്. 2003 ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരിക്കലും വിനിയോഗിക്കലും)ചട്ടപ്രകാരം ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം നടത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മരുന്നുകൾ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ(ഹോമിയോ) നിർവഹണം നടത്തിയതും മരുന്നു വാങ്ങുന്നതിനു വേണ്ടി ചെലവഴിച്ചതുമായ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രൊജക്ട് | 136/21 -മാതൃകാ ഹോമിയോ ഡിസ്പെൻസറി കിണാവല്ലൂർ -മരുന്നു വാങ്ങൽ |
| അടങ്കൽ തുക, | 400000/ |
| ചെലവഴിച്ച തുക | 400000/ |
| വിഭാഗം | പൊതു വിഭാഗം |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം ) |
| ട്രഷറി ബിൽ റഫറൻസ് | 05/20/01/2021 (20142000000012400, ) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| വിതരണ എജൻസി | ഹോംകോ ലിമിറ്റഡ്, ആലപ്പുഴ |
| ടാക്സ് ഇൻവോയിസ് നമ്പർ | P F1052,<br>15/12/2020 |
| തുക നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ | നെഫ്റ്റ് ട്രാൻസ്ഫർ<br>അക്കൌണ്ട് നമ്പർ :34306403911<br>യു.ടി.ആർ നം :U000000837842182<br>തുക: 400000/- |
| വിതരണ എജൻസി തുക കൈപറ്റിയതിന്റെ വിശദാംശങ്ങൾ | റസീപ്റ്റ് നം: 3872<br>തിയതി: 10.02.2021 |
| വിതരണ എജൻസി ഇതുവരെ ലഭ്യമാക്കിയ മരുന്നുകളുടെ വിശദാംശങ്ങൾ | LF-57/21-22, 09/06/21 തുക: 16301<br>LF-70b/21-22, 18/06/21 തുക: 22822<br>ആകെ ലഭ്യമായ മരുന്നുകൾ : 39123/- |
| ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക | 400000 -39123 = 360877 |

2.

| | |
|---|---|
| പ്രൊജക്ട് | 138- ഗവ. ഹോമിയോ സബ്സെന്റർ കുത്തുപറമ്പ് -മരുന്നു വാങ്ങൽ |
| അടങ്കൽ തുക, | 200000/ |
| ചെലവഴിച്ച തുക | 200000/ |
| വിഭാഗം | പൊതു വിഭാഗം |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് ( റോഡിതരം) |

| | |
|---|---|
| ട്രഷറി ബിൽ റഫറൻസ് | 06/ 20/01/2021 (20140200000012401) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| വിതരണ ഏജൻസി | ഹോംകോ ലിമിറ്റഡ്, ആലപ്പുഴ |
| ടാക്സ് ഇൻവോയിസ് നമ്പർ | P F-1161, 11/01/2021 |
| തുക നൽകിയ വിശദാംശങ്ങൾ | നെഫ്റ്റ് ട്രാൻസ്ഫർ<br>അക്കൌണ്ട് നമ്പർ :34306403911<br>യു.ടി.ആർ നം :U000000837844082842<br>തുക: 200000/- |
| വിതരണ ഏജൻസി തുക കൈപറ്റിയതിന്റെ വിശദാംശങ്ങൾ | റസീപ്റ്റ് നം: 4162<br>തിയതി: 17.04.2021 |
| വിതരണ ഏജൻസി ഇതുവരെ ലഭ്യമാക്കിയ മരുന്നുകളുടെ വിശദാംശങ്ങൾ | മരുന്നുകൾ ലഭിച്ചിട്ടില്ല |
| ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക | 200000/- |

ഈ പ്രൊജക്ടുകൾ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭിച്ചതായി കാണുന്നില്ല. മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം. 04/09.09.2021 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

അടിയന്തിരമായി മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകളുടെ ലഭ്യതക്കുറവ് ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ മരുന്നുകൾ സമയ ബന്ധിതമായി ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഇൻസെന്റീവ് - ഉത്തരവിനു വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം, പ്രോജക്ടിന്റെ പേര് | 125/21-സാന്ത്വന ചികിത്സാ പദ്ധതി പെയിൻ പാലിയേറ്റീവ് കെയർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ തുക | 486867 |
| ഫണ്ടിനം | വികസന ഫണ്ട്- സാധാരണ വിഹിതം |
| ചെലവ് തുക | 471568 |

സർക്കാർ ഉത്തരവ് (സാധാ) നം1: 1820/2020/ത.സ്വ.ഭ.വ, തിയതി 05/10/2020 -ന്റെ അടിസ്ഥാനത്തിൽ കോവിഡ് 19 കാലഘട്ടത്തിൽ പ്രവർത്തിച്ച പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് സെപ്റ്റബർ 2020 മുതൽ മാർച്ച് 2021 വരെ 1000/- രൂപ വീതം ഇൻസെന്റീവ് ആയി അനുവദിച്ച് ആറു മാസത്തേക്കു കൂടി തുടർ അനുമതി നൽകിയിരുന്നു. ഉത്തരവിൽ പ്രസ്തുത തുക തനതു ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ശ്രീമതി അമ്പിളി, പാലിയേറ്റീവ് കെയർ നഴ്സിന് 6000/- (സെപ്റ്റംബർ 2020 മുതൽ മാർച്ച് 2021 വരെയുള്ള തുക) രൂപ ബിൽ നമ്പർ 15/22.03.21 പ്രകാരം വികസന ഫണ്ടിൽ നിന്നും നൽകിയതായി കാണുന്നു.

മേൽ പറഞ്ഞ സർക്കാർ ഉത്തരവിനു വിരുദ്ധമായി, തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട തുക, വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച നടപടിയിന്മേൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 17/14.09.2021 -ന് മറുപടിയായി നൽകിയത് തനതു ഫണ്ടിൽ പ്രോജക്ടുകൾ

ഇല്ലാതിരുന്നതിനാലും വികസന ഫണ്ടിൽ തുക ബാക്കിയുണ്ടായിരുന്നതിനാലുമാണ് ഇൻസെന്റീവ് തുക വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചതെന്നാണ്. വിശദാംശങ്ങൾ ഭാഗം -3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-21 ഫിഷറീസ് സബ് ഇൻസ്പെക്ടർ പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല

സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി 2020-21 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | വനിതകൾക്ക് വീട്ടു വളപ്പിലെ കുളത്തിലെ മത്സ്യകൃഷി | 98400 – (വികസന ഫണ്ട്)<br>49200- (സംസ്ഥാനാ വിഷ്കൃതം)<br>221400- മറ്റുള്ളവ<br>ആകെ 369000 |
| 2 | വനിതകൾക്ക് വീട്ടു വളപ്പിൽ ബയോഫ്ലോക്ക് മത്സ്യ കൃഷി | 294400-( വികസന ഫണ്ട്)<br>147200-(സംസ്ഥാനാവിഷ്കൃതം)<br>662009( മറ്റുള്ളവ)<br>ആകെ- 1104000 |
| 3 | വനിതകൾക്ക് വീട്ടു വളപ്പിൽ ബയോ ഫ്ലോക്ക് മത്സ്യ കൃഷി (SCP) | 552000-(വികസന ഫണ്ട്)<br>276000-(സംസ്ഥാനാ വിഷ്കൃതം)<br>1242000 ( മറ്റുള്ളവ) |

മേൽ പറഞ്ഞ പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 15/13.09.21) ന് മറുപടി ലഭ്യമായില്ല.

ദാരിദ്ര്യ നിർമാർജ്ജനം, പോഷക സമ്പുഷ്ടമായ ഭക്ഷണക്രമം സ്ഥിര വരുമാനത്തിനുള്ള ഉപാധി എന്നിവ ലക്ഷ്യം വെച്ചുകൊണ്ട് പ്രൊജക്ടുകൾക്ക് രൂപം നൽകുമ്പോൾ അവയുടെ നിർവഹണ ഘട്ടത്തിൽ വരാവുന്ന പ്രശ്നങ്ങൾ മുൻകൂട്ടി പഠിക്കുകയും പ്രായോഗികമായ പരിഹാര മാർഗ്ഗങ്ങൾ രൂപപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. പരിമിതമായ വിഭവങ്ങൾ വ്യത്യസ്ത ആവശ്യങ്ങളിൽ വീതിക്കപ്പെടുമ്പോൾ പ്രൊജക്ടുകൾ നടപ്പാക്കാതെ പോകുന്നത് ഫണ്ട് ലാപ്സിനിടവരുത്തുന്നത് ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

## 1-22 പൊതുമരാമത്ത് പ്രവൃത്തികൾ - അപാകതകൾ

ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ആസ്തി രജിസ്റ്റർ നാളിതുവരെ കാലികമാക്കിയിട്ടില്ല.
2. പ്രവൃത്തി പൂർത്തീകരണത്തിന് യഥാർത്ഥത്തിൽ ആവശ്യമായതിലും കൂടുതൽ കാലാവധി അനുവദിക്കുന്നു. (8 മാസം മുതൽ ഒരു വർഷം വരെ)
3. കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നു

4. കരാറുകാർ പ്രവർത്തന കലണ്ടർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

5. മിക്കഅവസരങ്ങളിലും, കരാറുകാരനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏജന്റോ അളവുകൾ രേഖപ്പെടുത്തുമ്പോൾ അളവുകൾ സമ്മതിക്കണമെന്ന പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പാലിക്കപെടുന്നില്ല.

6. പൊതുമരാമത്ത് പ്രവൃത്തികളിൽ മോണിറ്ററിംഗ് നടക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയലുകളിലൊന്നിലും തന്നെ പ്രവൃത്തികൾ മോണിറ്ററിംഗ് ചെയ്തതിന്റെ രേഖകളില്ല. പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ. തീയതി 29.01.2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ഖണ്ഡിക 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. ഖണ്ഡിക 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് ഉടങ്ങിയവയും പ്രദർശിപ്പിക്കണം. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലൊന്നിലും തന്നെ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

7. ലക്ഷത്തിൽ താഴെ അടങ്കൽ തുകകളുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യപ്പെടുന്നത്. ചെറിയ പദ്ധതികളായതിനാൽ ടെണ്ടറിൽ കരാറുകാരുടെ പങ്കാളിത്തം കുറയുന്നതിനും മത്സര സ്വഭാവം നഷ്ടപ്പെടുന്നതിനും കാരണം.

8. റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ചുമതല. എന്നാൽ ഇപ്രകാരം റോഡ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011ലെ സ.ഉ(എം.എസ്)31/2011/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(കൈ.)നം11/2018/ത.സ്വ.ഭ.വ, 29.01.18 -ലെ ഖണ്ഡിക 7.13(1) പ്രകാരവും ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം ശ്രദ്ധയിൽപെടുത്തിയിരുന്നുവെങ്കിലും പ്രസ്തുത നിർദ്ദേശം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. ആയതിനാൽ മുൻഗണനാ ക്രമത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ റോഡ് നിർമ്മാണ/ മെയിന്റനൻസ് പ്രൊജക്ടുകളാണോ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയത് എന്ന് പരിശോധിക്കുവാൻ സംവിധാനമില്ല. റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ വികസന സ്റ്റാന്റിംഗ് കമ്മറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

9. ടെൻഡർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തക്കുറവ്

ഓഡിറ്റ് വർഷം മാന്വൽ ടെണ്ടർ മുഖേന നിർവ്വഹിച്ച ഭൂരിഭാഗം പ്രവൃത്തികളിലും രണ്ട് പേർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിലും രണ്ടാമൻ എസ്റ്റിമേറ്റിലും ഉയർന്ന നിരക്കുമാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. ടെണ്ടറുകളിൽ മൽസര സ്വഭാവം ഇല്ലാത്തതിനാൽ ടെണ്ടർ സേവിങ്സ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാവുമായിരുന്ന ഫണ്ട് നഷ്ടപ്പെടുന്ന അവസ്ഥ വരുന്നു. ടെൻഡർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തം വർദ്ധിപ്പിച്ച് കൂടുതൽ മത്സരാധിഷ്ഠിതമാക്കാൻ ബോധപൂർവ്വമായ ശ്രമങ്ങളും ക്രിയാത്മകമായ ഇടപെടലുകളും അനിവാര്യമാണ്.
മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുകയും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-23 വാട്ടർചാർജ് -കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്ന കടവത്ത് കുടിവെള്ള പദ്ധതിയിൽ താഴെ പറയും പ്രകാരം വാട്ടർ കണക്ഷനുകൾ നിലവിലുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ 7/9.9.21 ന് ലഭിച്ച മറുപടി)

ഗാർഹികം-708 എണ്ണം

ഗാർഹികേതരം-(കടകൾ)-17എണ്ണം

ഗാർഹികേതരം(വ്യവസായം)-12 എണ്ണം

ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്ന് സാമ്പത്തിക വർഷാവസാനം ആകെ 806940 രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക തുക വാർഷികക്കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| 2019-20 വരെയുള്ള കുടിശ്ശിക | 651990 | 85800 | 566190 |
| 2020-21 | 480424 | 239674 | 240750 |
| ആകെ | 1132414 | 325474 | 806940 |

കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ഹരിത കർമ്മസേനകൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട്- സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

വയബിലിറ്റി ഗ്യാപ്പ് ഫണ്ട് എന്ന പ്രൊജക്ട് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ -279

അടങ്കൽ -463500 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് -258460

| ബിൽ നമ്പർ | തുക | തീയ്യതി |
|---|---|---|
| 16/20-21 | 52800 | 22.01.21 |
| 20/20-21 | 46370 | 05.02.21 |
| 24/20-21 | 55200 | 06.03.21 |
| 25/20-21 | 5370 | 06.03.21 |
| 26/20-21 | 58040 | 06.03.21 |
| 29/20-21 | 40680 | 29.03.21 |
| | 258460 | |

മേൽ പ്രൊജക്റ്റ് പ്രകാരം 258460 രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ടായി ഹരിത കർമ്മസേനയ്ക്ക് അനുവദിച്ചിട്ടുണ്ട്.

സ.ഉ(സാധാ)നം.703/2019/തസ്വഭവ തിയതി 25-03-2019 പ്രകാരം വയബിലിറ്റി ഗ്യാപ് ഫണ്ടിന്റെ നിരക്ക് പുനർ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് വാർഡ് ഒന്നിന് 11600 രൂപ വി.ജി.എഫ് ആയി അനുവദിക്കാവുന്നതാണ്. സ.ഉ(സാധാ)നം.62/2020/തസ്വഭവ തിയതി 11-4-2020 പ്രകാരം ഹരിത കർമ്മസേനകൾക്ക് ആറു മാസത്തേക്ക് കൂടി വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

പറളി ഗ്രാമപഞ്ചായത്തിൽ ആകെ 20 വാർഡുകളാണ് ഉള്ളത്. വയബിലിറ്റി ഗ്യാപ് ഫണ്ടായി 2020-21 ൽ 232000/- രൂപ (20x11600) മാത്രമാണ് നൽകാവുന്നത്. എന്നാൽ 2020-21 വർഷത്തിൽ 258460 രൂപ പിൻവലിച്ച് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്.

അധികമായി 26460/-രൂപ (258460-232000) ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (2/9.9.21 ) ലഭിച്ച മറുപടിയിൽ 2020 നവമ്പർ മാസത്തിലാണ് ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചതെന്ന് മറുപടി നലകിയിട്ടുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനം സുഗമമായി മുന്നോട്ടു കൊണ്ടു പോകുന്നതിനായി ആദ്യ വർഷത്തിൽ ഹരിത കേരളം മിഷന് തീരുമാനിക്കാവുന്ന പരമാവധി തുക വാർഡ് ഒന്നിന് 23175 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. വേതനം നൽകുവാൻ യൂസർഫീ ഇനത്തിൽ ലഭിക്കുന്ന തുകയ്ക്ക് പുറമേ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള വി.ജി.എഫും വിവിധ സേവനങ്ങളിൽ നിന്നും ലഭിക്കുന്ന തുകയും പ്രയോജനപ്പെടുത്താവുന്നതാണ്. വി.ജി.എഫ് സർക്കാർ നിശ്ചയിക്കുന്ന നിരക്കിനേക്കാൾ ഭാവിയിൽ അധികരിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>1-25 എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.</u>**

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരം എസ്.എസ്.എ ക്ക് തുക കൈമാറിയിട്ടുണ്ട്.

| പ്രൊജക്റ്റ് | പ്രൊജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ | തുക |
|---|---|---|---|---|---|
| SSA വിഹിതം നൽകൽ-ജനറൽ | 127 | 631998 | 631998 | 1/20-21 Dt 28.7.20 | 400000 |
| | | | | 5/20-21 Dt 30.10.20 | 231998 |

മേൽ സൂചിപ്പിച്ച 631998 രൂപ സമഗ്ര ശിക്ഷ, പാലക്കാടിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ആയത് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (8/10.9.21) നൽകിയിരുന്നുവെങ്കിലും ഹാജരാക്കിയില്ല. കോവിഡ് 19 ന്റെ സാഹചര്യത്തിൽ വിദ്യാലയങ്ങൾ തുറക്കാതിരുന്ന കാലയളവിലും ഗ്രാമപഞ്ചായത്ത് വിഹിതമായി എസ്.എസ്.കെ ക്ക് ഇത്രയും തുക നൽകിയിട്ടുണ്ട്. പരിശീലനപരിപാടികളിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ എണ്ണം, Online ആണോ അല്ലയോ പരിശീലനം തുടങ്ങിയ വിവരങ്ങളൊന്നും തന്നെ ലഭ്യമല്ല. ഇതിനു പുറമേ എസ്.എസ്. കെ ലഭ്യമാക്കിയ ചെലവു പത്രികയിൽ ബി.ആർ.സി, സി.ആർ.സി വിഹിതത്തിന് പുറമെ ഗ്രാമപഞ്ചായതത്ത് പരിധിയിൽ പാഠപുസ്തക വിതരണം, യൂണിഫോം വിതരണം, വിവിധ പരിശീലന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കായും തുക ചെലവഴിച്ചതായി കാണുന്നു.

സ.ഉ.(കൈ)നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ 7.6-3 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്ത് തുക കൈമാറിയതല്ലാതെ എസ്.എസ്.എ യുടെ പ്രൊജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ ഇടപെടലുകളൊന്നും നടത്തിയിട്ടില്ല. പ്രൊജക്ട് രൂപീകരണത്തിൽ ഇടപെടൽ നടത്തേണ്ടിയിരുന്ന വിവിധ ഘടകങ്ങളായ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവയ്ക്ക് എസ്.എസ്.എ പ്രൊജക്ടുകളെ കുറിച്ച് കൃത്യമായ ഇടപെടൽ നടത്താൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ തുക ചിലവഴിച്ച സ്കൂളുകൾ, ചിലവിന്റെ മറ്റ് വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല. ഇതു കാരണം ജി.ഒ(എം.എസ്)11/2018/ത.സ്വ.ഭ.വ തി.29-01-2018 13.1 അനുസരിച്ചുള്ള മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകുക എന്ന പ്രക്രിയ ഇവിടെ സാധ്യമായിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 കന്നുകുട്ടിപരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ടിന്റെ പേര്- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
നിർവ്വഹണ ഉദ്യോഗസ്ഥ - വെറ്ററിനറി സർജൻ
പ്രൊജക്ട് നം. – 85/21

അടങ്കൽ -625000

(വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം ) – 312500 രൂപ

ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) – 312500 രൂപ)

ചെലവ് – 312500/-രൂപ

ട്രഷറി ബിൽ നം. –1/20-21 തിയതി - 15-01-2021

പദ്ധതി നടപ്പാക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും വെറ്ററിനറി സർജൻ 312500/- രൂപ 15-01-2021 തിയ്യതിയിൽ അസി. ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, പാലക്കാട് ന്റെ STSB അക്കൗണ്ടിലേക്ക് (A/C No.714021400000008) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തികരിച്ചിട്ടുണ്ടെങ്കിൽ ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(10/10.9.21) പദ്ധതി 2/20 മുതൽ ആരംഭിച്ചിട്ടുണ്ടെന്നും 30 മാസം വരെ കാലിത്തീറ്റ കൊടുക്കുന്നുണ്ടെന്നും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കാമെന്നുമാണ് മറുപടി നൽകിയത്.

പദ്ധതി നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതും പദ്ധതി കാലാവധി കഴിയുമ്പോൾ നിർവഹണഉദ്യോഗസ്ഥൻ വിനിയോഗസാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന പദ്ധതി ഫണ്ട് തിരികെ ഈടാക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2019-20 വർഷത്തിൽ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 2 സ്പിൽ ഓവർ പ്രോജക്ടുകളും 2 പുതിയ പ്രോജക്ടുകളും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | പ്രൊജക്ട് | 95/21 – പ്ലാൻ ഫണ്ട് (ജനറൽ) | |
| | ഫണ്ട് | അടങ്കൽ | ചെലവ് |
| | പ്ലാൻ ഫണ്ട് (ജനറൽ) | 1209687 | 1209687 |
| | ജില്ലാ പഞ്ചായത്ത് | 476221 | 476066 |
| | ആകെ | 1685908 | 1685753 |

| | | | |
|---|---|---|---|
| 2 | പ്രോജക്ട് | 238/21 (S.O) – പ്ലാൻ ഫണ്ട് (ജനറൽ) | |
| | ഫണ്ട് | അടങ്കൽ | ചെലവ് |
| | സംസ്ഥാനാവിഷ്കൃതം | 3440000 | 1800000 |
| | മറ്റിനം | 4695402 | 520000 |
| | ആകെ | 8135402 | 2320000 |
| 3 | പ്രോജക്ട് | 96/21 പ്ലാൻ ഫണ്ട് (എസ്.സി.പി) | |
| | ഫണ്ട് | അടങ്കൽ | ചെലവ് |
| | പ്ലാൻ ഫണ്ട് (എസ്.സി.പി) | 40000 | 40000 |
| | ആകെ | 40000 | 40000 |
| 4 | പ്രോജക്ട് | 240/21 (So) പ്ലാൻ ഫണ്ട് (എസ്.സി.പി) | |
| | ഫണ്ട് | അടങ്കൽ | ചെലവ് |
| | പ്ലാൻ ഫണ്ട് (എസ്.സി.പി) | 1742970 | 1080000 |
| | ആകെ | 1742970 | 1080000 |

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന ലൈഫ് മിഷൻ പദ്ധതിയുടെ ചെലവ് രേഖകൾ, വാച്ച് രജിസ്റ്റർ എന്നിവ അനുസരിച്ച് പദ്ധതിയിലുൾപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തിയാക്കിയിട്ടില്ല. ഇവർ നാല് ലക്ഷം രൂപയുടെ ധനസഹായത്തിൽ ഭാഗികമായി തുക കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നം. | പേര്, വിലാസം | നല്കിയ തുക | നല്കാനുള്ള തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ഷമീറുദ്ദീൻ എ.എം S/O മുഹമ്മദ് ബഷീർ കുണ്ടുകാട്, കമ്പ | 40000 | 3,60,000 | Basement. ഗുണഭോക്താവ് മരണപ്പെട്ടു. |
| 2 | വിനോദ് കുമാർ കുണ്ടുമാരിൽ വീട് അയ്യർമല, തേന്നൂർ | 3,60,000 | 40,000 | മേൽക്കൂര നിർമ്മാണം |
| 3 | വസന്തകുമാരി W/O സുകുമാരൻ കോട്ടത്തൊടി കിണാവല്ലൂർ | 40,000 | 3,60,000 | ഗുണഭോക്താവ് മരണപ്പെട്ടു. അതിർത്തി തർക്കത്തെ തുടർന്ന് ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല |
| 4 | സുഗുണ W/O ദിവാകരൻ അമ്പലപറമ്പ് | 3,40,000 | 60,000 | മേൽക്കൂര നിർമ്മാണം |
| 5 | ശാന്തകുമാരി പാതയിൽ ഹൗസ് കിണാവല്ലൂർ | 40,000 | 3,60,000 | ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 6 | അമ്മുക്കുട്ടി W/O രാധാകൃഷ്ണൻ കുന്നത്ത് വീട് ഓടനൂർ | 3,40,000 | 60,000 | പണി പൂർത്തീകരിച്ചു. |
| 7 | ഉഷ കെ.കെ W/O ബാലസുബ്രമണ്യൻ കൊക്കയംപറമ്പ് എടത്തറ | 3,40,000 | 60,000 | മേൽക്കൂര നിർമ്മാണം |
| 8 | സുനിത W/O രാജൻ കുന്നത്ത്പുര എടത്തറ | 3,60,000 | 40,000 | മേൽക്കൂര നിർമ്മാണം |
| 9 | ദേവകി W/O കൃഷ്ണൻകുട്ടി കളരിക്കൽ ഹൗസ് എടത്തറ | 3,00,000 | 1,00,000 | മേൽക്കൂര നിർമ്മാണം |
| 10 | ലക്ഷ്മി.M കുന്നത്ത്പുര ഹൗസ് പറളി ചക്കാന്തറ | 3,00,000 | 1,00,000 | മേൽക്കൂര നിർമ്മാണം |
| 11 | കദീജ.K W/O റിയാസ് പനങ്കാവ് പറമ്പ് പറളി പി. | 3,40,000 | 60,000 | മേൽക്കൂര നിർമ്മാണം |
| 12 | ജാനകി W/O അപ്പു ഇരുവിളംകാട് തേനൂർ | 3,60,000 | 40,000 | പണി പൂർത്തീകരിച്ചു. |
| 13 | രുഗ്മിണി W/O കൃഷ്ണൻ അരുമ്പിൽ എടത്തറ | 2,00,000 | 2,00,000 | Lintel |
| 14 | കല്യാണി W/O ഗിരീഷ്കുമാർ വില്ല്യംകാട് ഹൗസ് | 2,00,000 | 2,00,000 | Base |

| | | | | |
|---|---|---|---|---|
| | കിണാവല്ലൂർ | | | |
| 15 | കൗസല്യ.വി<br>W/O മുകുന്ദൻ കെ.സി<br>കുറുങ്കാട് ഹൗസ്<br>തേന്നൂർ | 2,00,000 | 2,00,000 | Lintel |
| 16 | പ്രേമലത.കെ<br>W/O കുമരേശൻ<br>വടക്കുവീട്<br>കിണാവല്ലൂർ | 3,40,000 | 60,000 | മേൽക്കൂര നിർമ്മാണം |
| 17 | അജീമ.എച്ച്<br>W/O ഫക്രുദ്ദീൻ കെ.എ<br>കാരക്കാട് ഹൗസ്<br>പറളി | 1,80,000 | 1,20,000 | Lintel |
| 18 | ശോഭന W/O വസുന്ധരൻ<br>അന്തിരത്തൊടി<br>എടത്തറ | 3,40,000 | 60,000 | പണി പൂർത്തീകരിച്ചു. |
| 19 | ഗീത W/O പ്രമോദ്<br>തെക്കുംപുറം<br>കമ്പ<br>പറളി | 3,00,000 | 1,00,000 | പണി പൂർത്തീകരിച്ചു. |

ധനസഹായം കൈപറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവനനിർമാണം പൂർത്തിയാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതിയുടെയും നിരീക്ഷണവും, തുടർനടപടികളും ഉറപ്പാക്കേണ്ടതാണ്.
മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ലൈഫ് മൂന്നാംഘട്ടം-സ്ഥലലഭ്യത ഉറപ്പാക്കി ജനപങ്കാളിത്തത്തോടെയുള്ള ഭവനസമുച്ചയ നിർമ്മാണ പദ്ധതി ആരംഭിക്കുന്നതിനുള്ള ഊർജ്ജിത ശ്രമം ഉണ്ടാകേണ്ടതാണ്.

## 1-28 അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ നടപ്പാക്കിയില്ല

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച താഴെ പറയുന്ന പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടില്ല.

| പ്രൊജക്റ്റ് | പ്രൊജക്റ്റ് നമ്പർ | അടങ്കൽ |
|---|---|---|

| | | |
|---|---|---|
| മേൽപ്പുര മാറ്റി പുനർനിർമ്മിക്കൽ | 97 | 660000 (പദ്ധതി വിഹിതം-637000 തനത് ഫണ്ട്-23000) |
| വീട് പുനരുദ്ധാരണം (എസ്.സി.പി) | 98 | 1200000(പദ്ധതി വിഹിതം-SCP) |
| ഗാർഹിക ശൗചാലയങ്ങളുടെ അറ്റക്കുറ്റപ്പണി-റിട്രോഫിറ്റിംഗ് | 99 | 750000 (ധനകാര്യ കമ്മീഷൻ-2939, കേന്ദ്രാവിഷ്കൃതം-747061) |
| മാലിന്യസംസ്കരണം-ബയോഗ്യാസ് പ്ലാന്റ് | 241 | 178500 (പദ്ധതി വിഹിതം-ജനറൽ-120000, തനത് ഫണ്ട്-2400, ഗു.വി-56100) |
| മാലിന്യസംസ്കരണം-ബയോഗ്യാസ് പ്ലാന്റ് (SCP) | 242 | 315000 (പദ്ധതി വിഹിതം-SCP-216000, ഗു.വി-99000) |
| മൺപാത്രനിർമ്മാണതൊഴിലാളികൾക്ക് വ്യക്തിഗത ആനുകൂല്യം നൽകൽ | 244 | 300000(തനത് ഫണ്ട്-225000, ഗു.വി-75000) |
| ലൈഫ് മിഷൻ ഭവനങ്ങൾക്ക് Toilet നിർമ്മാണം | 282 | 1020000(ധനകാര്യകമ്മീഷൻ-6682, കേന്ദ്രാവിഷ്കൃതം-1013318) |
| ശുചിത്വ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിവരവിജ്ഞാന വ്യാപനം | 283 | 50000(കേന്ദ്രാവിഷ്കൃതം) |
| ആർ ആർ എഫ് പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തൽ | 295 | 20000(ധനകാര്യകമ്മീഷൻ) |
| പെർഫോമൻസ് ഇൻസൻറീവ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ Toilet നിർമ്മാണം | 315 | 554400(ധനകാര്യകമ്മീഷൻ-541221, തനത് ഫണ്ട്-13179) |
| MCF ലേക്ക് ആവശ്യമായ ഡസ്റ്റ് റിമൂവർ, ബെയ്ലിംഗ് മെഷീൻ എന്നിവ വാങ്ങൽ | 316 | 810000(കേന്ദ്രാവിഷ്കൃതഫണ്ട്) |

പദ്ധതി നിർവ്വഹണം നടത്താത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/9.9.21) പ്രസ്തുത പ്രൊജക്ടുകൾ 2021-22 ൽ സ്പിൽ ഓവർ ആയി നിർവ്വഹണം നടത്തി വരുന്നുണ്ട് എന്നറിയിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹിക്കുവാൻ കഴിയാത്തതിനാൽ അനുവദിച്ച പദ്ധതിഫണ്ട് നഷ്ടമാകുന്നതിനിടയാക്കി. പദ്ധതി രൂപീകരണ വേളയിൽ തന്നെ പ്രൊജക്ടിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതോടൊപ്പം ആവശ്യകതയും ഫീസിബിലിറ്റിയും ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതിയുടെ നിർവ്വഹണം സ്റ്റാന്റിംഗ് കമ്മിറ്റികൾ വിലയിരുത്തി ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ച് നടപ്പിലാക്കുവാൻ സാധ്യമാവാത്തപക്ഷം മറ്റു പദ്ധതികൾക്കായി പ്രസ്തുത ഫണ്ട് വകയിരുത്താവുന്നതാണ്. ഭാവിയിൽ ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കി വിഭവ പരിധിക്കുള്ളിൽ നിന്നുകൊണ്ട് മുൻഗണനാടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തെരെഞ്ഞെടുത്ത് പദ്ധതിക്ക് അന്തിമ രൂപം നൽകേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) ഭരണസമിതി അംഗീകരിച്ചതിന് ശേഷം പ്രൊജക്ടിന് അന്തിമ രൂപം നൽകുന്നതിന് മുമ്പു തന്നെ പദ്ധതി നടപ്പിലാക്കാനാവശ്യമായ എല്ലാ ഘടകങ്ങളും ഉറപ്പു വരുത്തേണ്ടതാണ്.

2) പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കിയതിന് ശേഷം ആയത് നിർദ്ദിഷ്ട കാലയളവിൽ തന്നെ പൂർത്തിയാക്കുവാൻ സാധിക്കുമെന്നത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച പ്രൊജക്ടുകൾ നടപ്പാക്കാത്തത് മൂലം ഇവയ്ക്കായി വകയിരുത്തിയ സ്രോതസ്സ് മറ്റു സാധ്യതകൾക്ക് വിനിയോഗിക്കുവാൻ കഴിഞ്ഞില്ല. ഭാവിയിൽ ഇത്തരം സാഹചര്യം ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 സുഭിക്ഷ കേരളം പദ്ധതി പ്രൊജക്ട് നിർവ്വഹണത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2020-21 വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ട് നം. | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 249 | നെൽകൃഷി തരിശുനിലം-ജനറൽ | 80000 (30000-പദ്ധതി വിഹിതം-ജനറൽ, 50000-ബ്ലോക്ക് പഞ്ചായത്ത്) | 30000 (ബിൽ നമ്പർ-61/20.2.21) |
| 250 | പച്ചക്കറികൃഷി തരിശുനിലം -ജനറൽ | 205000 (പദ്ധതി -ജനറൽ) | 205000(ബിൽ നമ്പർ-60/20.2.21) |

സുഭിക്ഷ കേരളം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് സബ്സിഡി മാർഗരേഖയിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ-സബ്സിഡി-ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സ.ഉ(കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരവും 29.05.20-ലെ സ.ഉ(സാ.ധാ)നം. 1009/2020/ത.സ്വ.ഭ.വ പ്രകാരമുള്ള ഭേദഗതി ഉത്തരവിലെ താഴെ ചേർക്കുന്ന ഖണ്ഡികകൾ പ്രകാരവും തരിശുഭൂമിയിലെ കൃഷിക്കുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഖണ്ഡിക 2.2.1 പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെയാണ് തരിശായി പരിഗണിക്കേണ്ടത്. ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഖണ്ഡിക 2.2.3 പ്രകാരം തരിശുഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ആനുകൂല്യം നൽകാവുന്നത്. ഖണ്ഡിക 2.2.4 പ്രകാരം ആനുകൂല്യം രണ്ടു തവണകളായി നൽകേണ്ടതാണ്. ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്കുശേഷവും. എന്നാൽ അപേക്ഷകൾ പരിശോധിച്ചതിൽ കൃഷി ചെയ്ത ഭൂമിയുടെ അളവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി ഭൂമി എത്ര വർഷം തരിശായിരുന്നു, നിലവിലെ കൃഷി തരിശിട്ടതിനുശേഷം ആദ്യമായാണോ കൃഷി ചെയ്യുന്നത് എന്നതു സംബന്ധിച്ച കാര്യങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/14.09.21) മറുപടിയൊന്നും നൽകിയില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി-രേഖകൾ ഹാജരാക്കിയില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി എന്ന പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ-90

അടങ്കൽ-8347464

ചെലവ്-6539032

പ്രസ്തുത പ്രൊജക്ടിന്റെ താഴെ പറയുന്ന ബിൽ നമ്പർ പ്രകാരമുള്ള തുകകളുടെ ചെലവു രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (21/14.9.21) നൽകിയിരുന്നുവെങ്കിലും രേഖകൾ ഹാജരാക്കിയില്ല.

| ബിൽ നമ്പർ | തുക | തീയ്യതി |
|---|---|---|
| 57/20-21 | 163279 | 22.1.21 |
| 58/20-21 | 139370 | 22.1.21 |
| ആകെ | 302649 | |

ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 302649 രൂപ രേഖകൾ ലഭ്യമാക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

1-31 അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അംഗീകാരം ലഭിച്ച താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കിയിട്ടില്ല.

| പ്രൊജക്ട് | പ്രൊജക്ട് നമ്പർ | അടങ്കൽ |
|---|---|---|
| മുച്ചക്ര വാഹനം | 124 | 85000(15000-പദ്ധതിവിഹിതം(ജനറൽ),70000-ബ്ലോക്ക് പഞ്ചായത്ത്) |
| ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട-ജനറൽ | 145 | 210000(പദ്ധതി വിഹിതം (ജനറൽ-200000, 10000 (തനത് ഫണ്ട്) |
| ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട-SCP | 146 | 240000(പദ്ധതി വിഹിതം (SCP)-220000, തനത് ഫണ്ട്-2000) |

പ്രൊജക്ട് നിർവ്വഹണം നടത്താത്തത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (24/15.9.21) നൽകിയിരുന്നുവെങ്കിലും മറുപടിയൊന്നും ഹാജരാക്കിയില്ല. പദ്ധതി നിർവ്വഹിക്കുവാൻ കഴിയാത്തതിനാൽ അനുവദിച്ച പദ്ധതിഫണ്ട് നഷ്ടമാകുന്നതിനിടയായി. പദ്ധതി രൂപീകരണ വേളയിൽ തന്നെ പ്രൊജക്ടിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതോടൊപ്പം ആവശ്യകതയും ഫീസിബിലിറ്റിയും ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതിയുടെ നിർവ്വഹണം സ്റ്റാന്റിംഗ് കമ്മിറ്റികൾ വിലയിരുത്തി ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ച് നടപ്പിലാക്കുവാൻ സാധ്യമാവാത്തപക്ഷം മറ്റു പദ്ധതികൾക്കായി പ്രസ്തുത ഫണ്ട് വകയിരുത്താവുന്നതാണ്. ഭാവിയിൽ ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കി വിഭവ പരിധിക്കുള്ളിൽ നിന്നുകൊണ്ട് മുൻഗണനാടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തെരെഞ്ഞെടുത്ത് പദ്ധതിക്ക് അന്തിമ രൂപം നൽകേണ്ടതാണ്.

1-32 ക്ഷീരസംഘങ്ങൾ വഴി പാലിന് സബ്സിഡി നൽകൽ -മുഴുവൻ കാലയളവിലെയും തുക നൽകിയിട്ടില്ല

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി അവർ അളക്കുന്ന പാലിന് ആനുപാതികമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | തുക | ചെലവ് | |
|---|---|---|---|---|---|
| | | | | ബിൽ നമ്പർ/ തീയ്യതി | തുക |
| 135 | ക്ഷീരസംഘങ്ങൾ വഴി പാലിന് സബ്സിഡി നൽകൽ-ജനറൽ | 500000 (പൊതുവിഭാഗം-300000, ബ്ലോക്ക് പഞ്ചായത്ത് -150000, ജില്ലാ പഞ്ചായത്ത് -50000) | 500000 (പൊതുവിഭാഗം-300000, ബ്ലോക്ക് പഞ്ചായത്ത് -150000, ജില്ലാ പഞ്ചായത്ത് -50000) | 4/20-21 Dt 13.1.21 | 300000 |
| | | | | 5/20-21 Dt 13.1.21 | 50000 |
| | | | | 6/20-21 Dt 13.1.21 | 150000 |
| 174 | ക്ഷീരസംഘങ്ങൾ വഴി പാലിന് സബ്സിഡി നൽകൽ-വനിത | 600000 (പദ്ധതി വിഹിതം-പൊതു വിഭാഗം) | 600000 (പദ്ധതി വിഹിതം-പൊതു വിഭാഗം) | 2/20-21 Dt 21.4.20 | 600000 |

പ്രൊജക്ടിൽ ആവശ്യമായ തുക വകയിരുത്താത്ത കാരണം പ്രൊജക്ട് നമ്പർ 135 ൽ 2020 ഏപ്രിൽ മുതൽ ഒക്ടോബർ വരെയും പ്രൊജക്ട് നമ്പർ 174 ൽ 2020 ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിലെ പാലളവിനാണ് സബ്സിഡി നൽകിയിട്ടുള്ളത്. ബാക്കി മാസങ്ങളിലെ കാലയളവിൽ തുക നൽകാത്തതിന് വിശദീകരണം ലഭ്യമാക്കുവാനുള്ള ഓഡിറ്റ് അന്വേഷണം (16/13.9.21) നൽകിയതിന് ഫണ്ട് വകയിരുത്താത്തതിനാലാണ് ആനുകൂല്യം നൽകാൻ കഴിയാതിരുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്.

13-ാം പദ്ധതി മാർഗ്ഗരേഖ സ.ഉ.(എം.എസ്) നം.22/2018/തസ്വഭവ, തീയതി 14.2.18 പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4 രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്.

വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ ചർച്ച ചെയ്യുന്ന ബന്ധപ്പെട്ട മേഖലയിലെ അടിസ്ഥാന വിവരങ്ങളും ആവശ്യകതയും തിരിച്ചറിഞ്ഞ് ആവിഷ്ക്കരിക്കുകയും തുക വകയിരുത്തുകയും ചെയ്യുന്ന പദ്ധതികളാണ് അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടുത്തേണ്ടവ. മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പ്രസ്തുത പ്രൊജക്ടിൽ ഉൾപെടുത്തേണ്ട തുകയെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടില്ല. ഭാവിയിൽ പ്രൊജക്ട് രൂപീകരണ വേളയിൽ ബന്ധപ്പെട്ട മേഖലയിലെ ഗുണഭോക്താക്കളുടെ ആവശ്യകതക്കനുസരിച്ച് തുക വകയിരുത്തുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഇൻസെന്റീവ് - ഉത്തരവിനു വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം., പ്രോജക്ടിന്റെ പേര് | 125-സാന്ത്വന ചികിത്സാ പദ്ധതി പെയിൻ പാലിയേറ്റീവ് കെയർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ തുക | 486867 |
| ഫണ്ടിനം | വികസന ഫണ്ട്- സാധാരണ വിഹിതം |
| ചെലവ് തുക | 471568 |

സ.ഉ(സാധാ)നം.1820/2020/ത.സ്വ.ഭ.വ തിയതി 05/10/2020 -ന്റെ അടിസ്ഥാനത്തിൽ കോവിഡ് 19 കാലഘട്ടത്തിൽ പ്രവർത്തിച്ച പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് സെപ്റ്റംബർ 2020 മുതൽ മാർച്ച് 2021 വരെ 1000/- രൂപ വീതം ഇൻസെന്റീവ് ആയി അനുവദിച്ച് ആറു മാസത്തേക്കു കൂടി തുടർ അനുമതി നൽകിയിരുന്നു. ഉത്തരവിൽ പ്രസ്തുത തുക തനതു ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീമതി അമ്പിളി, പാലിയേറ്റീവ് കെയർ നഴ്സിന് 6000/- (സെപ്റ്റംബർ 2020 മുതൽ മാർച്ച് 2021 വരെയുള്ള തുക) രൂപ ബിൽ നമ്പർ 15/22.03.21 പ്രകാരം വികസന ഫണ്ടിൽ നിന്നുമാണ് നൽകിയിട്ടുള്ളത്.

മേൽ പറഞ്ഞ സർക്കാർ ഉത്തരവിനു വിരുദ്ധമായി, തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട തുക, വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച നടപടിയിന്മേൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 17/14.09.2021 -ന് മറുപടിയായി നൽകിയത് തനതു ഫണ്ടിൽ പ്രോജക്ടുകൾ ഇല്ലാതിരുന്നതിനാലും വികസന ഫണ്ടിൽ തുക ബാക്കിയുണ്ടായിരുന്നതിനാലുമാണ് ഇൻസെന്റീവ് തുക വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചതെന്നാണ്.

പാലിയേറ്റീവ് കെയർ നഴ്സമാർക്ക് നൽകുന്ന ഇൻസെന്റീവ് തനത് ഫണ്ടിൽ നിന്നു മാത്രമേ ചെലവഴിക്കാനാവൂ എന്ന പ്രത്യേക സർക്കാർ ഉത്തരവു നിലനിൽക്കേ ഉത്തരവിനു വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച നടപടി അംഗീകരിക്കുന്നില്ല. പ്രസ്തുത തുക 6000 രൂപ തനതു ഫണ്ടിൽ നിന്നും ക്രമീകരിക്കുകയോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വികസന ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 6.9.2021 മുതൽ 15.9.2021 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 | ക്ഷീര സംഘങ്ങൾ വഴി പാലിന് സബ്സിഡി (ജ) | 150000 | 0 |
| | 2020-21 | 125000 | ക്ഷീര സംഘങ്ങൾ വഴി പാലിന് സബ് സിഡി ( വനിത) | 125000 | 0 |
| | 2020-21 | 100000 | വയോജനങ്ങൾക്ക് കട്ടിൽ | 100000 | 0 |
| | 2020-21 | 114000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (ജ) | 114000 | 0 |
| | 2020-21 | 1610498 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 1610498 | 0 |
| | 2020-21 | 423017 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (Spill Over) | 423017 | 0 |

| | | | | | |
|---|---|---|---|---|---|
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2019-20 | 8523 | ജില്ലാ പഞ്ചായത്ത് ലൈഫ് മിഷൻ വിഹിതം | 0 | 8523 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2020-21 | 50000 | ക്ഷീര സംഘങ്ങൾ വഴി പാലിന് സബ്സിഡി (ജ) | 50000 | 0 |
| | 2020-21 | 763300 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് (ജ) | 763300 | 0 |
| | 2020-21 | 1008570 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 1008570 | 0 |
| | 2020-21 | 1605733 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (Spill Over) | 1605733 | 0 |
| | 2020-21 | 476066 | ലൈഫ് ഭവന നിർമാണം (ജ) | 476066 | |

4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 480000 രൂപ വരവുണ്ട്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലോൺ (ലൈഫ്) | - | 4,80,000 | 1,60,45,186 | 19,13,921 | 0 | 1,46,11,265 |

4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-27 | 10620.00 | ശ്രീ. സുദേവൻ, | 120100100790/ 29.05.2020 |

| | | | | |
|---|---|---|---|---|
| | (7, 8, 9) | | PWD കോൺട്രാക്റ്റർ | |
| 2018-19 | 1-27(5, 6) | 10915.00 | ശ്രീ. രത്നാകരൻ, PWD കോൺട്രാക്റ്റർ | 120100100791/ 29.05.2020 |
| | ആകെ | 21535 | | |

ഈ തുകകൾ വാർഷികക്കണക്കിൽ 280600401- Prior Period Expenses- Recovery Of Unutilised Grants To Government എന്ന ശീർഷകത്തിലാണ് എടുത്തിരിക്കുന്നത്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2012-13, 2013-14, 2014-15 | 3-15 | 2015-16 | 8.1.6 | മരാമത്ത് പ്രവൃത്തികളുടെ കരാറുകൾക്കുള്ള ബില്ലുകളിൽ ക്രമക്കേട് | സമിതി വിഷയം പരിഗണിച്ചിട്ടുണ്ടെങ്കിലും അന്തിമ ശിപാർശ ലഭ്യമായിട്ടില്ല. |
| 2016-17 | 2-1 | 2016-17 | അനുബന്ധം -III | മൊബൈൽ ടവറുകളുടെ വസ്തു നികുതി (പൊതു വിഷയം) | സമിതിയുടെ പരിഗണനയിൽ |
| 2016-17 | 2-2 | 2016-17 | | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഇനത്തിൽ ഭീമമായ കുടിശ്ശിക. (പൊതുവിഷയം) | സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-4 | 2016-17 | അനുബന്ധം -V | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-11 | 2016-17 | അനുബന്ധം -IV | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. (പൊതുവിഷയം) | സമിതിയുടെ പരിഗണനയിൽ |
| 2007-08 | 2-3 | 2009-10 | 2.3 | ഗ്രാമസഭ- ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നില്ല (പൊതു വിഷയം) | സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ക്രമനം | ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക | പരാമർശിക്കപ്പെട്ട തുക | ഒടുക്കിയ തുക | തിരിച്ചടച്ചയാളുടെ പേര് | രശീതി നമ്പർ, തീയ്യതി | റിമാർക്സ് |
|---|---|---|---|---|---|---|
| | | | ഈയിനത്തിൽ വരവില്ല | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 19573556 |
| ഓഡിറ്റ് വർഷത്തെ വരവ് | 103173329 |
| ആകെ | 122746885 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 100888450 |
| നീക്കിയിരിപ്പ് | 21858435 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരി ക്കാത്ത തുക | 6000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 302649 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 6000 | ഡോ. ശ്രീജിത്ത്, മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി) |
| ആകെ | 0 | 6000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 302649 | ശ്രീ. സുഭാഷ്, കൃഷി ഓഫീസർ |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ശ്രീജിത്ത്, മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ പറളി(സി.എച്ച്.സി) | പതികരൻ വീട്, അന്നൂർ, പയ്യന്നൂർ കണ്ണൂർ ജില്ല |
| ശ്രീ. സുഭാഷ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, പറളി ഗ്രാമ പഞ്ചായത്ത് | ക്വാർട്ടേഴ്സ് |

| | | |
|---|---|---|
| | | നമ്പർ 2/3 കെ.വി ക്വാർട്ടേഴ്സ്, ഹേമാംബിക നഗർ, ആർ കല്ലേക്കുളങ്ങര പി.ഒ. ഒലവക്കോട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1994-1996 | കെ.എസ്.എ-പി.കെ.ഡി17/945/2018. തി:29.09.2018 | പുനരഭിപ്രായ കുറിപ്പുകൾ | 3 |
| 1996-97 | കെ.എസ്.എ-പി.കെ.ഡി17/945/2018. തി:29.09.2018 | -ടി- | 4 |
| 1997-98 | കെ.എസ്.എ-പി.കെ.ഡി17/945/2018. തി:29.09.2018 | -ടി- | 0 |
| 1998-99 | കെ.എസ്.എ-പി.കെ.ഡി17/945/2018. തി:29.09.2018 | -ടി- | 0 |
| 1999-00 | കെ.എസ്.എ-പി.കെ.ഡി17/945/2018. തി:29.09.2018 | -ടി- | 8 |
| 2000-01 | കെ.എസ്.എ-പി.കെ.ഡി17/945/2018. തി:29.09.2018 | -ടി- | 7 |
| 2001-02 | കെ.എസ്.എ-പി.കെ.ഡി17/945/2018. തി:29.09.2018 | -ടി- | 0 |
| 2002-03 | കെ.എസ്.എ-പി.കെ.ഡി17/945/2018. തി:29.09.2018 | -ടി- | 5 |
| 2003-04 | കെ.എസ്.എ-പി.കെ.ഡി17/945/2018. തി:29.09.2018 | -ടി- | 3 |
| 2004-05 | കെ.എസ്.എ-പി.കെ.ഡി17/945/2018. തി:29.09.2018 | -ടി- | 4 |
| 2005- | കെ.എസ്.എ- | -ടി- | 2 |

| | | | |
|---|---|---|---|
| 06 | പി.കെ.ഡി17/945/2018. തി:29.09.2018 | | |
| 2006-07 | കെ.എസ്.എ-പി.കെ.ഡി17/945/2018. തി:29.09.2018 | -ടി- | 4 |
| 2007-08 | കെ.എസ്.എ പി.കെ.ഡി17 2043/2017. തി:2.03.2018 | -ടി- | 9 |
| 2008-09 | കെ.എസ്.എ-പി.കെ.ഡി17/562/2020. തി:09.06.2020 | -ടി- | 5 |
| 2009-10 | കെ.എസ്.എ-പി.കെ.ഡി17/1773/17.തി:10.01.2018 | -ടി- | 7 |
| 2010-11 | കെ.എസ്.എ-പി.കെ.ഡി17/1047/2017.തി:05.03.2018 | -ടി- | 10 |
| 2011-12 | കെ.എസ്.എ-പി.കെ.ഡി17/243/2018. തി:27.04.2018 | -ടി- | 13 |
| 2012-13 To 2014-15 | കെ.എസ്.എ-പി.കെ.ഡി17/1569/2018. തി:04.09.2018 | -ടി- | 24 |
| 2015-16 | കെ.എസ്.എ-പി.കെ.ഡി17/944/2018. തി:3.08.2018 | -ടി- | 7 |
| 2016-17 | കെ.എസ്.എ-പി.കെ.ഡി17/946/2018. തി:30.08.2018 | -ടി- | 12 |
| 2017-18 | കെ.എസ്.എ-പി.കെ.ഡി17/673/20 തി:19.08.2020 | -ടി- | 13 |
| 2018-19 | നം.കെ.എസ്.എ-പികെഡി17-1431/20 തി:08.07.21 | -ടി- | 20 |
| 2019-20 | നം.കെ.എസ്.എ-പികെഡി17-722/21 തി:09.07.21 | ഓഡിറ്റ് റിപ്പോർട്ട് | 43 |

അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം- 3

## വാർഷിക ധനകാര്യ പത്രികകൾ- സംക്ഷിപ്തം

| | | | |
|---|---|---|---|
| (AParali Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 19573451.00 |
| Cash | Cash | RP-40(a) | 105.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1277820.00 |
| 130000000 | Rental income from Panchayat Properties | RP-3 | 58000.00 |
| 140000000 | Fees & User Charges | RP-4 | 488554.00 |
| 150000000 | Sale & Hire Charges | RP-5 | 232507.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 79398538.00 |
| 171000000 | Interest Earned | RP-9 | 300534.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12123963.00 |
| 350000000 | Other Liabilities | RP-36 | 170411.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 2430.00 |
| 311000000 | Earmarked Funds | RP-29 | 4354.00 |
| 330000000 | Secured Loans | RP-32 | 480000.00 |
| 340000000 | Deposits Received | RP-34 | 279492.00 |
| 350000000 | Other Liabilities | RP-36 | 977107.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6010580.00 |
| 460000000 | Loans, Advances and Deposits | RP-47 | 1369039.00 |
| | Grand total | | 122746885.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3346027.00 |
| 220000000 | Administrative Expenses | RP-12 | 1332999.00 |
| 230000000 | Operations & Maintenance | RP-13 | 2477198.00 |
| 250000000 | Decentralised Plan Programme- | RP-15 | 14334179.00 |

| | | | |
|---|---|---|---|
| | Productive Sector | | |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 22661822.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3587327.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 1761354.00 |
| | | | |

(B) INCOME & EXPENDITURE STATEMENT

| Parali Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6320002.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 758131.00 |
| 140000000 | Fee & User Charges | I-4(b) | 1229082.00 |
| 150000000 | Sale & Hire Charges | I-5(b) | 232507.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 208128193.00 |
| 171000000 | Interest Earned | I-8 | 300534.00 |
| 180000000 | Other Income | I-9 | 2430.00 |
| | Total Income | | 216970879.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12974907.00 |
| 220000000 | Administrative Expenses | I-11(b) | 1332999.00 |
| 230000000 | Operations & Maintenance | I-12(b) | 3381761.00 |
| 240000000 | Interest & Finance Charges | I-13 | 1607.00 |
| 250000000 | Decentralised Plan Programme- | I-14 | 14405653.00 |

| | | | |
|---|---|---|---|
| | Productive Sector / Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 62472226.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5533975.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1761354.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 79609100.00 |
| 255000000 | Maintenance Projects | I-14(e) | 26555142.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1158286.00 |
| 270000000 | Provisions and Write off | I-16 | 94950.00 |
| 272000000 | Depreciation | I-17(a) | 8233182.00 |
| | Total Expenditure | | 217515142.00 |
| | Gross Surplus/ Deficit of income over Expenditure | | -544263.00 |
| 280000000 | Prior Period Item | I-18 | -66902.80 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -477360.20 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

(C) BALANCE SHEET

| | | | |
|---|---|---|---|
| Parali Grama Panchayat BALANCE SHEET | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / | B-1 | 33362293.00 |

| | | | |
|---|---|---|---|
| | Municipal Fund | | |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 109009.00 |
| 312000000 | Reserves | B-3 | 52097886.00 |
| | Total Reserve & Surplus | | 85569188.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9597804.50 |
| | Total Grants, Contributions for Specific Purposes | | 9597804.50 |
| | Loans | | |
| 330000000 | Secured Loans | B-5 | 14611265.00 |
| | Total Loans | | 14611265.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1701332.00 |
| 350000000 | Other Liabilities | B-9 | 3410101.50 |
| | Total Current Liabilities and Provisions | | 5111433.50 |
| | TOTAL LIABILITIES | | 114889691.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 95037402.00 |
| 411000000 | Accumulated Depreciation | B-11 | -21055384.00 |
| 412000000 | Capital Work in Progress | B-11(a) | 80000.00 |
| | Total Fixed Assets | | 74062018.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 3358138.00 |
| 440000000 | Pre-paid Expenses | B-16 | 14451265.00 |
| 450000000 | Cash and Bank Balance | B-17 | 21858435.00 |
| 460000000 | Loans, Advances and Deposits | B-18 | 1159835.00 |
| | Total Current Assets, Loans and Advances | | 40827673.00 |
| | Other Assets | | |
| | | | |

Miscellaneous Expenditure (To the Extent not written off)

TOTAL ASSETS 114889691.00

Page No : 2